"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനകാര്യം-പത്തനംതിട്ട ജില്ല- നിരണം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് നിലവിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക്) ശ്രീ.ജോമോൻ.കെ.ജോണിന്റെ ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2113/2024/LSGD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. ശ്രീ.ജോമോൻ കെ ജോൺ സമർപ്പിച്ച 11.07.2022ലെ അവധി അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 17.11.2022ലെ PAN/15301/2022-E6(DP) നമ്പർ കത്ത്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2024ലെ LSGD/PD/25303/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്കും നിലവിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്കുമായ ശ്രീ.ജോമോൻ.കെ.ജോണിന് 25.01.2017 മുതൽ 01.05.2017 വരെയുള്ള കാലയളവിലേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാര സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം പരാമർശം (2), (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (2), (3) എന്നിവ പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്കും നിലവിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്കുമായ ശ്രീ.ജോമോൻ.കെ.ജോണിന് 25.01.2017 മുതൽ 01.05.2017 വരെയുള്ള കാലയളവ് ഇൻക്രിമെന്റ് , ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം I, ചട്ടം 88(ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീജോമോൻ .കെ ജോൺ, ക്ലർക്ക്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6. ധനകാര്യ വകുപ്പ് (26.10.2024 ലെ e-2587517/ഡെവ-1/178/2023-ധന നമ്പർ യു ഒ റിമാർക്ക് പ്രകാരം)

7.ഡയറക്ടർ, ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.337/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 06-11-2024 12:17:17